"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2023-24 ലെ വിശദമായ ബജറ്റ് - **'വാണിയംകുളം ഗ്രാമപഞ്ചായത്ത് കാലി ചന്ത നവീകരണം'** - എന്ന പ്രവൃത്തിക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകി (എ.എസ്.നമ്പർ : AS/LGD/24/40539) - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ബി) വകുപ്പ്**

സ.ഉ.(സാധാ) നം.557/2025/LSGD തീയതി,തിരുവനന്തപുരം, 25-02-2025

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17-11-2024 ലെ LSGD/PD/38644/2024/DB5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2023-24 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - വാല്യം II - ൽ ക്രമ നമ്പർ 1998 ആയി ഉൾപ്പെടുത്തി 1.00 കോടി രൂപ അടങ്കൽ തുക കണക്കാക്കി 20% തുക വകയിരുത്തിയിട്ടുള്ളതുമായ പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മണ്ഡലത്തിലെ **'വാണിയംകുളം ഗ്രാമപഞ്ചായത്ത് കാലി ചന്ത നവീകരണം'** എന്ന പ്രവൃത്തിക്കു ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.മേൽ പ്രവൃത്തിക്കായി PMC വ്യവസ്ഥയിൽ DPR തയ്യാറാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിനായി സെന്റേജ് 4.50 ശതമാനം രേഖപ്പെടുത്തിയ Kerala Electrical & Allied Engineering Co.Ltd, (KEL) മുഖേന വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതാണ് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-2024-ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II, ക്രമ നമ്പർ 1998 ആയി ഉൾപ്പെടുത്തി 1.00 കോടി രൂപ അടങ്കൽ തുക കണക്കാക്കി 20% തുക വകയിരുത്തിയതുമായ പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം ഗ്രാമപഞ്ചായത്ത് കാലി ചന്ത നവീകരണം എന്ന പ്രവൃത്തി PMC വ്യവസ്ഥയിൽ ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുത്ത KEL എന്ന അക്രഡിറ്റേഡ് ഏജൻസിയെകൊണ്ട് നടപ്പിലാക്കുന്നതിന് ഇ - അനുമതി അഡിഷണൽ പ്രൊവിഷനായി അനുവദിച്ചു പ്രകാരം 1.00 കോടി രൂപയുടെ ഭരണാനുമതി നൽകിയും, പ്രസ്തുത പ്രവൃത്തിക്കാവശ്യമായ ചെലവ് 4515-00-800-92(NP) ' എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുമുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 27-02-2025 14:05:04
സെക്ഷൻ ഓഫീസർ

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. സെക്രട്ടറി, വാണിയംകുളം ഗ്രാമപഞ്ചായത്ത്
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5. ധനകാര്യ (വികസന) വകുപ്പ് (E-3000697/DEV-3/226/2024-FIn)
6. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
8. കരുതൽ ഫയൽ (ഡി.ബി1/503/2024/എൽ.എസ്.ജി.ഡി)